പ്പെട്ട മെംബർ ചോദിച്ചതാണെന്നു തോന്നുന്നു. രണ്ടാമത്തേ, ഇവിടെ ചർച്ചചെയ്തപ്പെട്ട റിപ്പോർട്ട് സെക്രട്ടേറിയറ്റുചെയ്ത തീരുമാനമെടുക്കാൻ കഴിയുകയില്ല. അങ്ങനെയുള്ള വിഷയമല്ല. കൃാബിനറിനുമാത്രമേ തീരുമാനമെടുക്കാൻ കഴിയൂ.

ശ്രീ. എ. എസ്. പുരുഷോത്തമൻ: ഏതുതരമായ അഴിമതി നടത്തിയെന്നു തെളിഞ്ഞുകഴിഞ്ഞിട്ടുള്ള ഉദ്യോഗസ്ഥന്റെ പേരിൽ, കൃാബിനറിന്റെ തീരുമാനം കൂടാതെതന്നെ വകുപ്പുമന്ത്രിക്കു സസ്പെൻഷൻപോലുള്ള നടപടികളും സ്വീകരിക്കാൻ നിയമപരമായി അധികാരമില്ലേ? അങ്ങനെയുള്ള നടപടി സ്വീകരിക്കാൻ ഒരുങ്ങുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഇതിനു ഞാൻ മുമ്പേ പറഞ്ഞുകഴിഞ്ഞതാണ്.

പ്രോവിഡന്റ് ഫണ്ട് കുടിശ്ശിക

* 237. [841] ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ,
,, സി. ബി. ചന്ദ്രശേഖരവാര്യർ,
,, എം. സദാശിവൻ,
,, ടി. കെ. രാമകൃഷ്ണൻ,
,, വി. വി. ദക്ഷിണാമൂർത്തി
,, ആർ. കൃഷ്ണൻ, (ആലത്തൂർ)
,, ടി. കെ. കൃഷ്ണൻ,
,, സി. ഗോവിന്ദപ്പണിക്കർ,
,, എൻ. വാസുദേവൻപിള്ള,
,, പി. കുഞ്ഞൻ,
,, വി. എസ്. അച്യുതാനന്ദൻ
,, കെ. ചാത്തുണ്ണിമാസ്റ്റർ,
,, എ. വി. ആര്യൻ:

താഴെ കാണുന്ന മെംബർമാർക്കുവേണ്ടി റവന്യുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രോവിഡന്റ് ഫണ്ട് കുടിശ്ശിക വരുത്തിയതിനും സംസ്ഥാനത്തും എത്ര ജീവനക്കാരിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ട്;

(ബി) കഴിഞ്ഞ ഏപ്രിൽ, മേയ് മാസങ്ങളിൽ സംസ്ഥാനത്തെ എത്ര സ്ഥാപനങ്ങളിലെ ജീവനക്കാർക്കു എംപ്ലോയീസ് [പ്രോവിഡന്റ് ഫണ്ടിന്റെ ആനുകൂല്യങ്ങളും ലഭിക്കുകയുണ്ടായി?

റവന്യുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ) പ്രോവിഡന്റ് ഫണ്ട് കുടിശ്ശിക വരുത്തിയതിനു തൊഴിലാളികളിൽനിന്നു പിഴ ഈടാക്കിയിട്ടില്ല. അതിനു വകുപ്പുമില്ല. എന്നാൽ 1969 ജൂലൈവരെ 835 വ്യവസായ സ്ഥാപനങ്ങളിൽനിന്നു പിഴ ഈടാക്കാൻ നടപടിയെടുത്തിട്ടുണ്ട്.

(ബി) ഏപ്രിൽമാസത്തിൽ 2316 വ്യവസായസ്ഥാപനങ്ങളിലെ 34717 ജീവനക്കാർക്കും മേയ്മാസത്തിൽ 2326 വ്യവസായസ്ഥാപനങ്ങളിലെ 38647 ജീവനക്കാർക്കും എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽനിന്നുള്ള ആനുകൂല്യങ്ങൾ ലഭിക്കുകയുണ്ടായി.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: പ്രോവിഡന്റ്ഫണ്ടിൽ നിന്നു തൊഴിലാളികൾക്കു കിട്ടേണ്ട ആനുകൂല്യങ്ങൾ—മരണപ്പെടുകയോ ജോലിനഷ്ടപ്പെടുകയും ചെയ്യുന്ന അവസരത്തിലും മറ്റും കിട്ടേണ്ടവ—മാസങ്ങളോളം കഴിഞ്ഞാലും കിട്ടാതിരിക്കുന്നതായി പരാതിയുള്ളതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുപരിഹരിക്കണം, കാലതാമസംകൂടാതെ തൊഴിലാളികൾക്കു പ്രോവിഡന്റ്ഫണ്ട് ആനുകൂല്യങ്ങൾ കിട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: നോട്ടീസ് വേണം.

ശ്രീ. എസ്. ദാമോദരൻ: തൊഴിലാളികളിൽനിന്നും പ്രോവിഡൻറ് ഫണ്ട് തുക ഈടാക്കുകയും അത് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ അടയ്ക്കാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് തൊഴിലാളികൾക്ക് പിന്നീട് ഇൻറെറസ്റ്റ് കിട്ടാതിരിക്കുകയും, അടച്ച പണത്തിന് തൊഴിലാളികൾക്ക് രേഖ കിട്ടാതിരിക്കുകയുംചെയ്യുന്ന സ്ഥിതി ഗൗരവമായി കണക്കിലെടുത്ത് ചുമതലപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി: പിരിക്കുന്ന പൈസ അടയ്ക്കുന്നില്ലെന്നുള്ളതും മറ്റും പുതിയ കാര്യമാണ്. നോട്ടീസുകൂടാതെ മറുപടിപറയാൻ സാധിക്കുകയില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: നിലവിലുള്ള നിയമമനുസരിച്ച്, പ്രോവിഡൻറ് ഫണ്ട് കൃത്യമായി അടയ്ക്കുന്നതിനെതിരായി നടപടി സ്വീകരിക്കാൻ വകുപ്പില്ലെന്നും, തുക പിരിക്കുകയും അത് ഗവണ്മെൻറിൽ അടയ്ക്കാതിരിക്കുകയും ചെയ്താൽ മുതലാളിമാക്കെതിരായി നടപടിനടത്താൻമാത്രമേ നിയമമുള്ളൂ എന്നും ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: 835 സ്ഥാപനങ്ങൾക്കെതിരായി പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 5701 കേസുകളിൽ റവന്യൂറിക്കവറി നടപടികൾ നടത്തുന്നുണ്ട്. സ്ഥാപനങ്ങളുടെ പേരിൽ നടപടി നടത്തുന്നു. പിരിക്കുന്ന ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാർ അടച്ചില്ലെങ്കിൽ അവരുടെപേരിൽ മറ്റു നടപടികൾ സ്വീകരിക്കുവാൻ ഏർപ്പാടുണ്ടാക്കുന്നതാണ്.

ആർ. കൃഷ്ണൻ: (പാലക്കാട്) പ്രോവിഡൻറ് ഫണ്ടിലേക്ക് തൊഴിലുടമകൾ കൊടുക്കേണ്ട വിഹിതം കൊടുക്കാതിരുന്നാൽ, വളരെ ലഘുതരമായ ശിക്ഷമാത്രമേ ഇന്നു നൽകുന്നുള്ളൂ. 10-ം 15-ം രൂപമാത്രമാണ് പിഴ ശിക്ഷിക്കുന്നത് അത് 100-ഓ 150-ഓ രൂപയായി വർദ്ധിപ്പിക്കുന്നകാര്യം ആലോചിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി: നിയമത്തിൽ എത്രയാണ് വ്യവസ്ഥചെയ്തിട്ടുള്ളതെന്നു പരിശോധിച്ചാൽമാത്രമേ അറിയാവൂ. തൊഴിൽമന്ത്രിക്ക് അറിയാമായിരിക്കും.

തൊഴിൽമന്ത്രി (ശ്രീ. മത്തായി മാഞ്ഞൂരാൻ:) അടയ്ക്കേണ്ട തുകയുടെ 25 ശതമാനമാണ് പിഴയായി ഈടാക്കാൻ നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളത്. ഇത്രതന്നെ വലിയ ശിക്ഷയാണ്.

ശ്രീ. ബി. മാധവൻനായർ: തൊഴിലാളികളുടെ പ്രോവിഡൻറുഫണ്ടിൽ അടയ്ക്കേണ്ട തുക അടയ്ക്കുകയും, മാനേജ്മെൻറ് അവരുടെ വിഹിതം അടയ്ക്കാതിരിക്കുകയും ചെയ്യുന്നതുകൊണ്ടാണ് ഈ കാര്യത്തിൽ കുഴപ്പമുണ്ടാകുന്നതെന്ന പരാതികൾ കിട്ടിയിട്ടുണ്ടോ, അതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: കിട്ടിയിട്ടുള്ള എല്ലാ പരാതികളും പരിശോധിച്ച് നടപടിയെടുത്തിട്ടുണ്ട്. പ്രോവിഡൻറുഫണ്ട് കമ്മിഷണരാണ് ഇതിൽ ഇനിയുള്ള റിവ്യൂ എടുത്തിട്ടുള്ളത്.

ശ്രീ. പി. എസ്. നമ്പൂതിരി: എംപ്ലോയ്മെൻറ് പ്രോവിഡൻറുഫണ്ട് സ്കീം അനുസരിച്ച് വളരെധികം സംഖ്യ മാനേജ്മെൻറുകൾ പിരിച്ചെടുത്തിട്ടും സമയത്തിനു അത് അടയ്ക്കാത്തതുകൊണ്ട് തൊഴിലാളികൾക്ക് കിട്ടേണ്ട പല ആനുകൂല്യങ്ങളും-കടംകിട്ടാനും വീടുവയ്ക്കാനും മറ്റുമുള്ള ആനുകൂല്യങ്ങൾ-നഷ്ടപ്പെടുന്നതായി അറിയാമോ? തൊഴിലാളികൾ എത്രകൊല്ലം ജോലിനോക്കിയെന്ന സർട്ടിഫിക്കറ്റാക്കി മുതലാളിമാർ സംഖ്യ അടച്ചില്ലെങ്കിലും അവർക്ക് കിട്ടേണ്ട ആനുകൂല്യം നൽകാൻ വേണ്ട വ്യവസ്ഥചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായിമാഞ്ഞൂരാൻ: അങ്ങനെ ആരുടെയും അപേക്ഷ കിട്ടിയിട്ടില്ല. അപേക്ഷ കിട്ടാതെ അതുസംബന്ധിച്ച നടപടിയെടുക്കാൻ സാധിക്കുകയില്ല.

ശ്രീ. എ. വി. ആര്യൻ: സർ, ചോദ്യത്തിൽ, പ്രോവിഡൻറുഫണ്ട കുടിശ്ശിക വരുത്തിയതിന് സംസ്ഥാനത്തെ ഏത്ര ജീവനക്കാരിൽനിന്ന പിഴ ഈടാക്കിയിട്ടുണ്ടെന്നാണ് കാണുന്നത്, 'ജീവനക്കാർ' എന്ന പറയുന്നതുകൊണ്ടുദ്ദേശിക്കുന്നത് തൊഴിലാളികളുടെ പ്രോവിഡൻറുഫണ്ട വിഹിതം എടുത്തു ജീവിക്കുന്ന എത്രപേരുടെ പേരിൽ നടപടി എടുത്തു എന്നാണ്. വ്യവസായം നടത്തി ലാഭമുണ്ടാക്കുന്ന മുതലാളിമാർ, തൊഴിലാളികളുടെ പ്രോവിഡൻറുഫണ്ടുകൂടി എടുത്തു ജീവിക്കുന്നവരിൽ എത്രപേരുടെ പേരിൽ നടപടിയെടുത്തിട്ടുണ്ട്?

ശ്രീമതി കെ.ആർ. ഗൗരി: അങ്ങനെയൊരു വ്യാഖ്യാനംകൂടി ചോദ്യത്തിലുണ്ടായിരുന്നെങ്കിൽ അതിനു മറുപടി പറയാമായിരുന്നു. ചോദ്യത്തിൽ, 'പ്രോവിഡൻറുഫണ്ട കുടിശ്ശികവരുത്തിയതിനു സംസ്ഥാനത്തെ ഏത്ര ജീവനക്കാരിൽനിന്ന പിഴ ഈടാക്കിയിട്ടുണ്ട്' എന്നാണ കാണുന്നത്. 'ജീവനക്കാർ' എന്നാൽ 'തൊഴിലാളികൾ' എന്നാണ ഞാൻ മനസ്സിലാക്കിയിരിക്കുന്നത്.

ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ): ചെറുതൊഴിലാളികൾക്ക എംപ്ലോയ്മെൻറ പ്രോവിഡൻറുഫണ്ട സ്കീം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അതു പ്രയോഗത്തിലായിക്കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. മത്തായിമാഞ്ഞൂരാൻ: നടപ്പാക്കിയിട്ടില്ല, ഉടനെ നടപ്പാക്കും.

ശ്രീ. ടി. കെ. കൃഷ്ണൻ: ഏതെങ്കിലും സ്ഥാപനത്തെ പ്രോവിഡൻറുഫണ്ട് സ്കീമിൽനിന്ന ഒഴിവാക്കിയിട്ടുണ്ടോ?

ശ്രീ. മത്തായിമാഞ്ഞൂരാൻ: പ്രത്യേകം അധികാരം ഉപയോഗിച്ച ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അതിന കാരണം പറഞ്ഞിട്ടുണ്ടായിരിക്കും.

ശ്രീ. ബി. മാധവൻനായർ: തൊഴിലാളികളിൽനിന്ന പ്രോവിഡണ്ടുഫണ്ടുകൾ ഈടാക്കിക്കഴിഞ്ഞാൽ, കുടിശ്ശികയില്ലെന്ന തൊഴിലാളിയെ ബോദ്ധ്യപ്പെടുത്തുന്നതിന ചില വ്യവസ്ഥകളും ഉണ്ടല്ലോ. ഓരോ സ്ഥാപനത്തിലും വ്യത്യസ്തരീതിയിലാണ് അതു നടപ്പാക്കിയിരിക്കുന്നത്. ചിലർ പാസ്സുകൊടുക്കും, മറ്റുചിലർ കാർഡുകൊടുക്കും, മറ്റുചില സ്ഥാപനങ്ങളിൽ രസീതുകൊടുക്കുമ്പോൾ ഒരുമിച്ച് ഈടാക്കി രസീതുകൊടുക്കും. ഇങ്ങനെ പലരീതിയിൽ നടക്കുന്ന സമ്പ്രദായങ്ങൾക്കു ഒരു ഏകീകൃതസ്വഭാവം ഉണ്ടാക്കാനും, ഓരോ തൊഴിലാളിക്കും പി. എഫ്. കുടിശ്ശിക ഇല്ലെന്ന ബോധ്യപ്പെടുത്താനും പറ്റിയ ഒരു നടപടിക്രമം സത്വരമായി സ്വീകരിച്ച നടപ്പാക്കുമോ?

ശ്രീ. മത്തായിമാഞ്ഞൂരാൻ: അതു സംബന്ധിച്ച ഒരു ഏകീകൃത നടപടി കൈക്കൊള്ളുന്നതിന്റെ ആദ്യഭാഗമായിട്ടാണ അതിരപ്പിള്ളി കൃത്യമായ കണക്കുകൾ ഉണ്ടാക്കാൻ പറയുന്ന രീതിയിൽ ഇപ്പോൾ ഒരു സമാരംഭം ഉണ്ടായിട്ടുള്ളതു.

ശ്രീ. കെ. സി. വാമദേവൻ: പ്രോവിഡണ്ടുഫണ്ടു വിഹിതത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ള കേസുകൾ നൂറുകണക്കിനുള്ളതിന്മേൽ സത്വരമായ നടപടി നടത്താൻ സാധിക്കാതെ വരുന്നതു, ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകൾ സംഘടിപ്പിച്ചിരിക്കുന്നതിൽമാത്രം ഇതിന്റെ നടപടികൾ നടത്തുന്നതുകൊണ്ടല്ലേ?

ശ്രീ. മത്തായിമാഞ്ഞൂരാൻ: ചിലപ്പോൾ നടപടിക്കു വിധേയരായ ആളുകളുടെ വസ്തുക്കളും മറ്റും കണ്ടുപിടിക്കാൻ ആളെത്തന്നെ പിടികിട്ടാതെവരും. ചിലർ പാപ്പരായതിനുശേഷമായിരിക്കും കേസുൽപ്പെടുക. അങ്ങനെയൊരു ഒരേർപ്പാടും ഇതിൽ വന്നുകാണുന്നുണ്ടു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്സ്. ഉണ്ണി: പ്രോവിഡണ്ടുഫണ്ടിന്റെ ക്രമമായി ഈടാക്കുന്നതിനും ഇങ്ങോട്ടുള്ള തുകയുടെ കണക്കുകൾ പരിശോധിക്കാനും പ്രത്യേക ഏർപ്പാടു ചെയ്തിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇതിനുമുൻപുണ്ടായിരുന്ന ചട്ടപ്രകാരം ചില കണക്കുകൾ വയ്ക്കണമെന്നു വ്യവസ്ഥയുണ്ടായിരുന്നു. അതിൽനിന്നു വ്യത്യസ്തമായി, മുൻപില്ലാത്ത എന്തു് ഏർപ്പാടാണു് ഇപ്പോൾ ചെയ്തിട്ടുള്ളതു്?

ശ്രീ. മത്തായിമാഞ്ഞൂരാൻ: ഓരോ സ്ഥലത്തുനിന്നും കൃത്യമായി കണക്കുകൾ അയയ്ക്കാതിരിക്കുന്നതുകൊണ്ടു്, സമയാസമയങ്ങളിൽ കണക്കുകൾ കിട്ടാത്തതുകൊണ്ടു് പ്രോവിഡന്റു് ഫണ്ടു് കമ്മീഷണർക്കു് ശരിയായ സ്ഥിതിവിവരം രേഖപ്പെടുത്തി സൂക്ഷിക്കാൻ സാധിക്കുന്നില്ല. ഇപ്പോൾ തവണ മുടക്കുന്നതായാൽ 25 ശതമാനം പിഴചുമത്തി മെമ്മോ അയയ്ക്കുന്നതിനു് അതിനുമേൽ നടപടി സ്വീകരിക്കാനാണു് വ്യവസ്ഥചെയ്തിരിക്കുന്നതു്.

ശ്രീ. എൻ. കെ. ശേഷൻ: പുതുതായി തുടങ്ങുന്ന സ്ഥാപനങ്ങളും എത്ര കാലത്തിനകം ഈ സ്കീം അംഗീകരിക്കണമെന്നു് വ്യവസ്ഥയുണ്ടോ? അതു പാലിക്കാത്ത മുതലാളിമാരുണ്ടോ?

ശ്രീ. മത്തായിമാഞ്ഞൂരാൻ: നോട്ടീസുവേണം.

* 238. [842] **Shri. S. P. Luiz:** Will the Revenue Minister be pleased to state:

(a) How many lotteries have been conducted by the State Government;

(b) What is the net profit to the State by the conduct of these lotteries ?

Revenue Minister (**Smt. K. R. Gouri**):

(a) 14 lotteries so far.

(b) About Rs. 2.5 crores.

Shri. S. P. Luiz: During the recent months there has been a steady decline in the sale of these lottery tickets. What is the reason for that ?

ശ്രീമതി. കെ. ആർ. ഗൗരി: കുറച്ചു കുറവാണെന്നാണു് കാണുന്നതു്. കഴിഞ്ഞ രണ്ടുമൂന്നു ലോട്ടറികളിൽ അല്പം കുറവുണ്ടായിട്ടുണ്ടെന്നു കാണുന്നു.

ശ്രീ. ഇ. അഹമ്മദു്: ഇതുവരെയുള്ള ലോട്ടറികളിൽ ഏതിനെങ്കിലും പ്രൈസു കിട്ടേണ്ടവർക്കു് കൊടുക്കാതെയുണ്ടോ?

ശ്രീമതി. കെ. ആർ. ഗൗരി: ഇന്നലെ ഒരാൾ അങ്ങനെയൊരു പരാതിയുമായി വരികയുണ്ടായി. അതു ശരിയാണോ എന്നു പരിശോധിക്കാൻ കഴിഞ്ഞില്ല.

ശ്രീ. പി. മാധവൻനായർ: രണ്ടുകോടിയിൽ ചിലപ്പോൾ ശുപാ ലോട്ടറിയിൽനിന്നു് അറുപതുലക്ഷം കിട്ടിയിട്ടുണ്ടെന്നു പറഞ്ഞു. ഈ തുക മറ്റേതെങ്കിലും ആവശ്യങ്ങൾക്കു വിനിയോഗിക്കാൻ ഗവണ്മെന്റു് തീരുമാനിച്ചിട്ടുണ്ടോ; തീരുമാനിച്ചിട്ടില്ലെങ്കിൽ ഈ രണ്ടു കോടിയിൽ ചിലപ്പോൾ ശുപാ നമ്മുടെ രാജ്യത്തെ തൊഴിലില്ലാത്തവർക്കു് തൊഴിലില്ലായ്മ വേതനം കൊടുക്കാൻ വിനിയോഗിക്കാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly